(ബി) എത്ര വാക്കുകൾ ഇതിൽ ഉണ്ടാവാം ; ഏതു വിഷയങ്ങൾ ഉൾക്കൊള്ളിക്കും ;

(സി) ഇതിന്റെ പൂർത്തീകരണത്തിനു് ഒട്ടാകെ എന്തു ചെലവുവരും ;

(ഡി) ഇതിന്റെ വിശദവിവരങ്ങൾ പറയാമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1963 അക്ടോബർ അവസാനംവരെ 83,873 വിഷയങ്ങൾ പ്രാഥമികമായി തിരഞ്ഞെടുത്തു. ഇപ്പോൾ അവയിൽ നിന്നും ഉള്ള അവസാന തിരഞ്ഞെടുപ്പു നടക്കുകയാണു്. ഇതു് 10 വാല്യങ്ങളായി പുറത്തിറക്കാനാണു് എൻസൈക്ലോപീഡിയ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ളതു്.

(ബി) എത്ര വാക്കുകൾ ഉണ്ടാകുമെന്നു് കൃത്യമായി ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. ഉദ്ദേശം 40,000 വിഷയങ്ങൾ ഉണ്ടാവണമെന്നാണു് തീരുമാനിച്ചിട്ടുള്ളതു്.

(സി) 15 ലക്ഷം രൂപ ചെലവു വരുമെന്നു് കണക്കാക്കിയിരിക്കുന്നു.

(ഡി) വിശദവിവരങ്ങൾ അടങ്ങുന്ന ഒരു † സ്റ്റേറ്റുമെന്റു മേശപ്പുറത്തു് വച്ചിട്ടുണ്ടു്.

ലോറി ഗതാഗതം തടയപ്പെട്ട റോഡുകൾ.

* 186. [14] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ, കോഴിക്കോടു്, പാലക്കാടു് എന്നീ ജില്ലകളിലെ ഏതൊക്കെ റോഡുകളിൽക്കൂടി ലോറി ഗതാഗതം പാടില്ലെന്നു വിലക്കിക്കൊണ്ടുള്ള വ്യവസ്ഥ ഏതു കാലത്തു് പുറപ്പെടുവിച്ചിട്ടുള്ളതാണു് ;

(ബി) ഈ കല്പന പുറപ്പെടുവിച്ചതിനുശേഷം എത്രയോ പാലങ്ങൾ കെട്ടുകയും റോഡുകൾ നന്നാക്കുകയും ചെയ്തിട്ടും ഇപ്പോഴും ലോറി ഗതാഗതം തടയുന്നതിന്റെ ഉദ്ദേശമെന്തു് ;

(സി) ടാറിട്ട ഗതാഗതയോഗ്യമായതും ബസ്സുകൾ നിത്യേന ഓടിക്കൊണ്ടിരിക്കുന്നതുമായ റോഡിൽക്കൂടി ലോറി ഗതാഗതം അനുവദിക്കാൻ നടപടികൾ എടുക്കുമോ ?

തൊഴിലും വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്യുതൻ):

(എ) കോഴിക്കോടു് ജില്ലയിൽ 31–7–1962-ലും പാലക്കാടു് ജില്ലയിൽ 1956-നു് മുമ്പും പ്രസ്തുത വ്യവസ്ഥ പുറപ്പെടുവിച്ചിരുന്നു. കണ്ണൂർ ജില്ലയിൽ നിലവിലുണ്ടായിരുന്ന വ്യവസ്ഥയിൽ ചില ഭേദഗതികൾ വരുത്തിയ ഒരു പുതിയ വ്യവസ്ഥ 1963 സെപ്റ്റംബർ മുതൽ പ്രാബല്യത്തിൽ വന്നു.

(ബി) റോഡുകളുടേയും പാലങ്ങളുടേയും സ്ഥിതി കണക്കിലെടുത്തിട്ടാണു് ലോറി ഗതാഗതം തടയുന്ന വിജ്ഞാപനങ്ങൾ ഓരോ ജില്ലയിലും പുറപ്പെടുവിച്ചിട്ടുള്ളതു്. പാലക്കാടു ജില്ലയിൽ എന്തെങ്കിലും ഭേദഗതി വേണമോ എന്നുള്ളകാര്യം പാലക്കാടു് റീജിയണൽ ട്രാൻസ്പോർട്ട അതോറിറ്റി പരിഗണിക്കുന്നുണ്ടു്.

(സി) 'ബി'യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കോളനൈസേഷൻ

* 187. [15] ശ്രീ. ഡി. ദാമോദരൻ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† Appendix III

LIBRARY ARCHIVES Kerala Legislative Assembly

(എ) കോളനൈസേഷൻ പദ്ധതിയനുസരിച്ച് 1962–63, 1963-64 ഈ വർഷങ്ങളിൽ എത്ര ഭൂമി വിതരണംചെയ്ത കൊടുത്തിട്ടുണ്ട് ;

(ബി) എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട് ;

(സി) കേരളത്തിനു വെളിയിൽ ഈ പദ്ധതി അനുസരിച്ച് എത്ര കുടുംബങ്ങളെ അയയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(ഡി) ദണ്ഡകാരണ്യ പുനരധിവാസ പദ്ധതിയിൽ കേരളത്തിനുകൂടി ഒരു പങ്കാളിത്തം കിട്ടുവാൻ ഈ ഗവണ്മെൻറ് ശ്രമിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിൻെറ ഫലമെന്തായി ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) 1,344 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ബി) 343 കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്.

(സി) ഇതുവരെയായി ഏകദേശം 400 കുടുംബങ്ങളെ കേരളത്തിനു് വെളിയിൽ പുനരധിവസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) ഉണ്ടു്.

(ഇ) ശ്രമം നടന്നുകൊണ്ടിരിക്കുന്നു. ഫലത്തെക്കുറിച്ചു് പറയാറായിട്ടില്ല.

പ്രീ യൂണിവേഴ്സിറ്റി കോഴ്സ്

* 188. [16] ശ്രീ. എൻ. ഗോപാലകുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ യൂണിവേഴ്സിറ്റി കോഴ്സ് രണ്ടു വർഷമാക്കി മാറ്റാൻ യൂണിവേഴ്സിറ്റി തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ജൂനിയർ കോളേജുകളം ഇതിനുവേണ്ടി പുതുതായി അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടു് ;

(സി) പ്രീ യൂണിവേഴ്സിറ്റി കോഴ്സ് ഇൻഡ്യയിൽ മറേറതെല്ലാം സ്റേററ്റുകളിൽ രണ്ടു വർഷമാക്കിയിട്ടുണ്ടെന്നു് പറയാമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ടു്.
(ബി) തീരുമാനിച്ചിട്ടില്ല.
(സി) അറിവില്ല.

പ്രീ യൂണിവേഴ്സിറ്റി കോഴ്സ്

* 189. [17] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ യൂണിവേഴ്സിറ്റി കോഴ്സ് രണ്ടുവർഷമാക്കുവാനുള്ള പദ്ധതി ഗവണ്മെൻറ് അംഗീകരിച്ചുവോ ;

(ബി) അംഗീകരിച്ചുവെങ്കിൽ ഏതു വർഷം മുതൽ നടപ്പിലാക്കുവാനാണു് ഉദ്ദേശിക്കുന്നതു് ;

(സി) പദ്ധതി രണ്ടു വർഷമായി വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെയും, രക്ഷിതാക്കന്മാരുടെയും അഭിപ്രായങ്ങൾ ആരാഞ്ഞിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly